# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1454

08.02.2013-ൽ മറുപടിയ്ക്ക്

## പൊന്നാനി - വെങ്ങളം തീരദേശപാത

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി . ജലീൽ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്തുവകുപ്പ് മന്ത്രി) |
| (എ) പൊന്നാനി - വെങ്ങളം തീരദേശപാതയുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) നിലവിലുള്ള ടിപ്പു സുൽത്താൻ റോഡ് പൊന്നാനി മുതൽ കോഴിക്കോട് വരെ അഞ്ച് ഘട്ടങ്ങളിലായി വികസിപ്പിക്കുന്നതിന്റെയും നവീകരിക്കുന്നതിന്റെയും ഭാഗമായി ഒന്നാം ഘട്ട നിർമ്മാണത്തിനായി 117.62 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽപ്പെടുന്നതും സ്ഥലം ഏറ്റെടുക്കൽ ആവശ്യമില്ലാത്തതുമായ റീച്ചുകളിലെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. നിർദ്ദിഷ്ട റോഡിലെ പാലങ്ങളുടെ പണികളും ഒന്നാം ഘട്ടത്തോടൊപ്പം ആരംഭിക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പാതയുടെ ടൂറിസം വികസന സാധ്യത പരിഗണിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത പാതയുടെ നിർമ്മാണത്തിന് 2012 - 13 ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ; എത്ര തുക ഇതിനകം ചെലവഴിച്ചു ; വ്യക്തമാക്കുമോ ; | (സി) ഈ പാതയുടെ നിർമ്മാണത്തിന് 2012 - 13 ബജറ്റിൽ തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. എന്നാൽ ആശാൻ പടി മുതൽ ചീരാൻ കടപ്പുറം വരെയുള്ള (9.40 കി.മീ) ഒന്നാം ഘട്ടത്തിന്റെ നിർമ്മാണത്തിനാവശ്യമായ 117 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് 2012- 13 ൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പാതയുടെ നിർമ്മാണത്തിന് ഇതുവരെ |

| | |
|---|---|
| | തുകയൊന്നും ചിലവഴിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത പാതയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് പറയാമോ ? | (ഡി) ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ